പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3540

12.05.2017-ൽ മറുപടിയ്ക്ക്

## കായംകുളം ഫിഷിംഗ് ഹാർബർ നേരിടുന്ന പ്രശ്നങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ആർ. രാമചന്ദ്രൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കായംകുളം ഫിഷിംഗ് ഹാർബറിലെ സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | കായംകുളം ഫിഷിംഗ് ഹാർബറിലെ സൗകര്യ ങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) കായംകുളം ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിനുള്ള 2918 ലക്ഷം രൂപയുടെ പദ്ധതിയിൽ നിലവിലുള്ള ലേലപ്പുരയുടേയും വാർഫിന്റേയും നീളം 150 മീറ്റർ കൂടി വർദ്ധിപ്പിക്കൽ, കവേർഡ് ഫിഷ്ലോഡിംഗ് ഏരിയ, പാർക്കിംഗ് ഏരിയ, ഓട, ചുറ്റുമതിൽ നിർമ്മാണം, ഡ്രഡ്ജിംഗ്, ഡ്യൂപ്ലക്സ് ഷോപ്പ് നിർമ്മാണം, പുലിമുട്ടുകളുടെ റിപ്ലിനിഷ്മെന്റ് പ്രവൃത്തികൾ, ലോക്കർ റൂമുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെട്ടിരുന്നു. ടി പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിനു സമർപ്പിച്ചിരുന്നു. പുതിയ DSR നിരക്ക് നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചുവരുന്നു.<br><br>(2) കായംകുളം ഹാർബറിന്റെ വലിയഴീക്കൽ ഭാഗത്ത് സുനാമി പുനരധിവാസ പദ്ധതിയിൽ (ടി.ആർ.പി) യിൽ ലഭിച്ച 415 ലക്ഷം രൂപ പ്രയോജനപ്പെടുത്തി 75 മീറ്റർ വാർഫ്, 50 x 8 മീറ്റർ ലേലപ്പുര എന്നിവ പൂർത്തീകരിക്കുകയുണ്ടായി.<br><br>(3) നബാർഡ് RIDF-XVII പദ്ധതിയിൽ ഉൾപ്പെടുത്തി വലിയഴീക്കൽ മത്സ്യബന്ധന യാനം കരയ്ക്കടുപ്പിക്കൽ കേന്ദ്രം (എഫ്.എൽ.സി) യുടെ നവീകരണ പ്രവൃത്തിയ്ക്ക് 235 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഡ്രഡ്ജിംഗ് ഒഴികെയുള്ള പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഫണ്ടായി ലഭിച്ച 50 ലക്ഷം രൂപ കൂടി ചേർത്ത് ടി ഭാഗത്ത് മണൽതിട്ട നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡ്രഡ്ജിംഗ് പൂർത്തിയാകുന്ന തോടുകൂടി വലിയഴീക്കൽ ഭാഗത്തും ബോട്ടുകൾക്കും വള്ളങ്ങൾക്കും അടുത്ത് മത്സ്യം വിപണനം നടത്തുന്നതിന് സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | (4) എൻ.എഫ്.ഡി.ബി.യിൽ നിന്നും ലഭിച്ച 259 ലക്ഷം രൂപ ചെലവഴിച്ച് അഴീക്കൽ ഭാഗത്ത് നെറ്റ്മെന്റിംഗ് ഷെഡ്, നിലവിലുള്ള വാർഫ്, ലേലപ്പുര, പാർക്കിംഗ് ഏരിയ, എന്നിവയുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>(5) പുലിമുട്ടുകളുടെ അറ്റകുറ്റപണികൾക്കായി 780 ലക്ഷം രൂപയുടെയും, ഗ്രോയിൽ നിർമ്മിക്കുന്നതിന് 272 ലക്ഷം രൂപയുടെയും പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു. |
| (ബി) | മത്സ്യബന്ധന വള്ളങ്ങൾ ഹാർബറിൽ അടുക്കുമ്പോഴുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (ബി) | കായംകുളം മത്സ്യബന്ധനതുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തിയ്ക്കായി 130 ലക്ഷം രൂപയുടെ ഭരണാനുമതി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിരുന്നു. തുടർന്ന് പ്രവൃത്തി ആരംഭിച്ചുവെങ്കിലും ഡ്രഡ്ജിംഗിലെ അളവ് സംബന്ധിച്ച് തർക്കം മൂലം കരാറുകാരൻ കേസ് ഫയൽ ചെയ്തിരുന്നു. കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കായംകുളം മത്സ്യബന്ധനതുറമുഖത്തിന്റെ വലിയഴീക്കൽ ഭാഗത്ത് അടിഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിന് സ്റ്റേറ്റ് ഫണ്ടായി 50 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി 60% പൂർത്തീകരിച്ചു. |
| (സി) | ഹാർബറിൽ രാത്രികാലത്തുള്ള വെളിച്ചക്കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (സി) | ഹാർബറിൽ രാത്രികാലത്തുള്ള വെളിച്ചക്കുറവ് പരിഹരി ക്കുന്നതിനായി ഹൈമാസ്റ്റ് ലൈറ്റ് പ്രവർത്തിപ്പിക്കുന്നുണ്ട്. |
| (ഡി) | കായംകുളം ഫിഷിംഗ് ഹാർബർ നേരിടുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ഡി) | കായംകുളം ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവർത്തിയ്ക്ക് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി പ്രവൃത്തി നടപ്പിലാക്കുന്നതോടുകൂടി ഹാർബർ ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ആകുന്നതാണ്. |

സെക്ഷൻ ഓഫീസർ